രാസവള ഗുണനിലവാര പരിശോധനശാലയിൽ FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ എല്ലാ കൃഷി ഭവനുകളിലും വളങ്ങളുടെ സാമ്പിൾ എടുത്ത് പരിശോധനയ്ക്കായി ലാബിൽ അയയ്ക്കുകയും ആയതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) FCO 1985 (ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) പ്രകാരം സംസ്ഥാനത്ത് വിപണനം ചെയ്യുന്ന വളങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും മായം ചേർത്തതായ വളം വിപണനം ചെയ്യുന്ന കമ്പനികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ

166 (1541) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര ഉൽപ്പാദന പൈലറ്റ് കേന്ദ്രം ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉൽപ്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ലക്ഷ്യമിട്ടുകൊണ്ടാണ് പൈലറ്റ് പ്രോജക്ട് സ്ഥാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ നീലേശ്വരം കേന്ദ്രമാക്കി പടന്നക്കാട് കാർഷിക കോളേജിൽ നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവിനായി ആകെ 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ വിപണനച്ചുമതല നാളികേര വികസന കോർപ്പറേഷനാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വിൽപന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തി വരുന്നു. ഇതിനുപുറമെ കാർഷിക സർവ്വകലാശാലയുടെ ഔട്ട് ലെറ്റുകളിലൂടെയും നീരയും കേര ചക്കരയും കേരജാമും വിപണനം ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും സംഘടിപ്പിച്ചതായി കേരള കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേര കർഷകർക്കുള്ള പ്രോത്സാഹന സഹായ പദ്ധതികൾ

167 (1542) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കർഷകർക്ക് സർക്കാർ നല്കുന്ന പ്രോത്സാഹന സഹായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) തേങ്ങ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ഏതെല്ലാം ഇനങ്ങളിലെ തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നതെന്നും ഇവ എവിടെ ലഭ്യമാകുമെന്നും അറിയിക്കുമോ;

(സി) ആധുനിക കൃഷി രീതികൾ കേരകർഷകർക്ക് ലഭ്യമാകുന്നതിന് നല്കുന്ന പരിശീലന പരിപാടികളും പരിശീലന കേന്ദ്രങ്ങളും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേര ഗ്രാമം' എന്ന പദ്ധതി 2014-15 വർഷം മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി

LIBRARY ARCHIVES Kerala Legislative Assembly